REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 08-08-2025** **സമയം 06.45 AM**

## പ്രധാന വാർത്തകൾ

- **വോട്ടർപ്പട്ടികയിൽ കൃത്രിമം ഉണ്ടെന്ന രാഹുൽ ഗാന്ധിയുടെ ആരോപണങ്ങൾ തെറ്റിദ്ധാരണാജനകമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ.**
- **തിരഞ്ഞെടുപ്പു കമ്മീഷന്റെ സമഗ്രത ചോദ്യം ചെയ്ത രാഹുൽഗാന്ധിയെ BJP നിശിതമായി വിമർശിച്ചു.**
- **റഷ്യൻ പ്രസിഡണ്ട് വ്ലാഡിമിർ പുടിൻ വൈകാതെ ഇന്ത്യ സന്ദർശിക്കുമെന്ന് ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ.**
- **NCERT സിലബസിൽ ഫീൽഡ് മാർഷൽ സാം മനേക്ഷായുടെ ഉൾപ്പെടെ പ്രമുഖരുടെ ജീവിതവും ത്യാഗവും വിവരിക്കുന്ന പാഠഭാഗങ്ങൾ ഉൾപ്പെടുത്തി.**
- **അടുത്ത മാസം പമ്പയിൽ ആഗോള അയ്യപ്പസംഗമം സംഘടിപ്പിക്കുമെന്ന് മന്ത്രി VN വാസവൻ.**
- **BJP സംസ്ഥാന കോർകമ്മിറ്റി പുനഃസംഘടിപ്പിച്ചു.**

## വാർത്തകൾ വിശദമായി

വോട്ടർപ്പട്ടികയിൽ കൃത്രിമം ഉണ്ടെന്ന തരത്തിൽ ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി ഉന്നയിച്ച ആരോപണങ്ങൾ തെറ്റിദ്ധാരണാ ജനകമാണെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ വ്യക്തമാക്കി. രാഹുൽഗാന്ധി ഉയർത്തിയ ആരോപണങ്ങൾ ശരിയെന്ന് ഉറപ്പുണ്ടെങ്കിൽ അദ്ദേഹം, തിരഞ്ഞെടുപ്പ് നിയമപ്രകാരം പ്രതിജ്ഞാപത്രത്തോടൊപ്പമോ, സത്യപ്രസ്താവനയിലോ അക്കാര്യം ഒപ്പിട്ട് കമ്മീഷന് നൽകണമെന്ന്

സാമൂഹിക മാധ്യമ ഫാക്ട് ചെക്കിൽ തിരഞ്ഞെടുപ്പു കമ്മീഷൻ ആവശ്യപ്പെട്ടു. പറയുന്ന കാര്യങ്ങളിൽ ഉറപ്പില്ലെങ്കിൽ അസംബന്ധ നിഗമനങ്ങൾ ഉയർത്തി ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്നത് അവസാനിപ്പിക്കണമെന്നും കമ്മീഷൻ അഭിപ്രായപ്പെട്ടു.

✪✪✪

തിരഞ്ഞെടുപ്പു കമ്മീഷന്റെ സമഗ്രത ചോദ്യം ചെയ്ത രാഹുൽഗാന്ധിയെ BJP നിശിതമായി വിമർശിച്ചു. ഇതാദ്യമായല്ല തിരഞ്ഞെടുപ്പ് കമ്മീഷനെതിരെ രാഹുൽഗാന്ധി രംഗത്തുവരുന്നതെന്ന് BJP വക്താവ് സമ്പിദ് പത്ര ന്യൂഡൽഹിയിൽ പറഞ്ഞു. നേരത്തെയും അദ്ദേഹം ഭരണഘടനാ സ്ഥാപനങ്ങൾക്കെതിരെ അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉയർത്താറുണ്ട്.

കോൺഗ്രസ് തിരഞ്ഞെടുപ്പിൽ വിജയിച്ച സംസ്ഥാനങ്ങളിലൊന്നും രാഹുൽഗാന്ധിയോ, കോൺഗ്രസ് നേതാക്കളോ തിരഞ്ഞെടുപ്പു കമ്മീഷനെതിരെ ഇത്തരം ആരോപണങ്ങൾ ഉന്നയിക്കുന്നില്ലെന്നും അദ്ദേഹം കുറ്റപ്പെടുത്തി. കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പിൽ 99 സീറ്റ് കിട്ടിയപ്പോൾ, വിജയാഘോഷം നടത്തിയവരാണ് ഇപ്പോൾ ആരോപണവുമായി രംഗത്തുവന്നിരിക്കുന്നതെന്നും സമ്പിദ് പത്ര പറഞ്ഞു.

✪✪✪

റഷ്യൻ പ്രസിഡണ്ട് വ്ലാഡിമിർ പുടിൻ വൈകാതെ ഇന്ത്യ സന്ദർശിക്കുമെന്ന് ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ അറിയിച്ചു. ഇന്നലെ റഷ്യൻ പ്രസിഡണ്ടുമായി മോസ്കോയിൽ നടത്തിയ കൂടിക്കാഴ്ചയ്ക്കു ശേഷമാണ് അദ്ദേഹം ഇക്കാര്യം അറിയിച്ചത്. റഷ്യൻ സെക്യൂരിറ്റി കൗൺസിൽ സെക്രട്ടറി സെർജി ഷൊയ്ഗുവുമായും അദ്ദേഹം ചർച്ച നടത്തി.

✪✪✪

രാജ്യത്തെ റോഡ്, ഗതാഗത അടിസ്ഥാന സൗകര്യങ്ങൾ ലോകോത്തര നിലവാരത്തിലേക്ക് മാറിക്കൊണ്ടിരിക്കുകയാണെന്നും ഇത് യാത്രാ സമയം കുറയ്ക്കുന്നതിനും പരിസ്ഥിതി സംരക്ഷണത്തിനും വഴിയൊരുക്കുമെന്നും കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി പറഞ്ഞു. ന്യൂഡൽഹിയിൽ ഇന്ത്യൻ കൺസ്ട്രക്ഷൻ എക്യുപ്മെന്റ് മാനുഫാക്ചേഴ്സ് അസോസിയേഷന്റെ 75-ാം വാർഷിക സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു കേന്ദ്രമന്ത്രി.

നിർമ്മാണ ഉപകരണ വ്യവസായത്തിൽ ജപ്പാനെ മറികടന്ന് ഇന്ത്യ ഇപ്പോൾ ലോകത്തിലെ മൂന്നാം സ്ഥാനം നേടിയിട്ടുണ്ടെന്നും ഗഡ്കരി അറിയിച്ചു.

✪✪✪

ഉത്തരാഖണ്ഡിൽ മേഘവിസ്ഫോടനമുണ്ടായ ഉത്തരകാശി ജില്ലയിലെ ധരാലി-ഹർസിൽ മേഖലയിൽ ദുരിതാശ്വാസ, രക്ഷാപ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിക്കുകയാണ്. കാലാവസ്ഥ മെച്ചപ്പെട്ടതോടെ, കുടുങ്ങിക്കിടക്കുന്ന നിരവധി ആളുകളെ ഹെലികോപ്റ്റർ വഴി രക്ഷപ്പെടുത്താൻ കഴിഞ്ഞു. ഇന്നലെ വൈകിട്ട് ആറ് വരെ ഗംഗോത്രി മേഖലയിൽ നിന്ന് 372 പേരെ രക്ഷപ്പെടുത്തി. ദുരിതാശ്വാസം, രക്ഷാപ്രവർത്തനം, പുനരധിവാസം എന്നിവയ്ക്ക് മുൻഗണന നൽകി. ആവശ്യമായ എല്ലാ നടപടികളും വേഗത്തിൽ സ്വീകരിച്ചുവരികയാണെന്ന് മുഖ്യമന്ത്രി പുഷ്കർ സിംഗ് ധാമി അറിയിച്ചു.

✪✪✪

അടുത്ത അധ്യയനവർഷം മുതൽ NCERT സിലബസിൽ ഫീൽഡ് മാർഷൽ സാം മനേക് ഷായുടെയും, ബ്രിഗേഡിയർ മുഹമ്മദ് ഉസ്മാന്റെയും, മേജർ സോംനാഥ് ശർമ്മയുടെയും ജീവിതവും ത്യാഗവും വിവരിക്കുന്ന പാഠഭാഗങ്ങൾ ഉൾപ്പെടുത്തി.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)...

ഏഴ്, എട്ട് ക്ലാസുകളിലെ ഉറുദു പാഠപുസ്തകങ്ങളിലും, എട്ടിലെ ഇംഗ്ലീഷ് പാഠപുസ്തകത്തിലുമാണ് പുതിയ അധ്യായങ്ങൾ ഉൾപ്പെടുത്തിയത്. ഇതിലൂടെ വിദ്യാർത്ഥികൾക്ക് കർത്തവ്യത്തിന്റെയും, ധൈര്യത്തിന്റെയും പ്രചോദനാത്മകമായ വിവരണങ്ങൾ നൽകുകയാണ് ലക്ഷ്യമെന്ന് രാജ്യരക്ഷാമന്ത്രാലയം പ്രസ്താവനയിൽ അറിയിച്ചു. വിദ്യാർത്ഥികൾക്ക് ഇന്ത്യയുടെ സൈനിക ചരിത്രത്തെക്കുറിച്ച് ഉൾക്കാഴ്ചയും, സഹാനുഭൂതിയുടെയും, രാജ്യരക്ഷാശേഷിയുടെയും, വൈകാരിക ബുദ്ധിയുടെയും ജീവിതപാഠങ്ങളും ലഭ്യമാകുമെന്ന് മന്ത്രാലയം വിലയിരുത്തി.

✪✪✪

ശബരിമല തീർത്ഥാടനത്തിന് മുന്നോടിയായ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ പൊതുമരാമത്ത് വകുപ്പിൽ പ്രത്യേക കോർടീം രൂപീകരിച്ചതായി മന്ത്രി PA മുഹമ്മദ് റിയാസ് തിരുവനന്തപുരത്ത് അറിയിച്ചു. പൊതുമരാമത്ത് സെക്രട്ടറിയാണ് ടീമിന്റെ കൺവീനർ. തീർത്ഥാടനകാലത്തിന് മുന്നോടിയായി പൂർത്തീകരിക്കേണ്ട പ്രവർത്തനങ്ങൾ വിലയിരുത്താൻ ചേർന്ന ഉന്നത തല യോഗത്തിലാണ് തീരുമാനം.

✪✪✪

താനൂർ ഫിഷറീസ് സ്കൂളിനെ സ്പോർട്സ് സ്കൂളാക്കി മാറ്റുമെന്ന് മന്ത്രി V അബ്ദുറഹിമാൻ അറിയിച്ചു. പുനർഗേഹം പദ്ധതിയിൽ താനൂർ ഉണ്യാലിൽ നിർമ്മിച്ച ഭവനസമുച്ചയം ഉദ്ഘാടന ചടങ്ങിന് നൽകിയ വിഡിയോ സന്ദേശത്തിലാണ് മന്ത്രി ഇക്കാര്യം അറിയിച്ചത്.

✪✪✪

സംസ്ഥാനത്ത് ഇന്ന് ആറ് ജില്ലകളിൽ  ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.  ഇടുക്കി, തൃശ്ശൂർ, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ  മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. മറ്റിടങ്ങളിലും മഴയ്ക്ക് സാധ്യതയുണ്ട്.

കേരള- ലക്ഷദ്വീപ് തീരങ്ങളിൽ മീൻപിടുത്തക്കാർക്ക് പ്രത്യേക മുന്നറിയിപ്പ് നൽകിയിട്ടില്ല.

✪✪✪

സംസ്ഥാന ഗവൺമെന്റും തിരുവിതാംകൂർ ദേവസ്വം ബോർഡും ചേർന്ന് സെപ്റ്റംബർ മൂന്നാം വാരം പമ്പയിൽ ആഗോള അയ്യപ്പസംഗമം സംഘടിപ്പിക്കുമെന്ന് മന്ത്രി VN വാസവൻ അറിയിച്ചു. തത്വമസി എന്ന സന്ദേശം ലോകത്ത് പ്രചരിപ്പിക്കാനും  ശബരിമലയെ ആഗോള തീർത്ഥാടന കേന്ദ്രമായി ലോകത്തിനു മുന്നിൽ അവതരിപ്പിക്കാനും ലക്ഷ്യമിട്ടാണ് സംഗമം ഒരുക്കുന്നത്. മൂവായിരത്തോളം പ്രതിനിധികളെ സംഗമത്തിൽ പ്രതീക്ഷിക്കുന്നതായി മന്ത്രി പറഞ്ഞു. സെപ്റ്റംബർ 16 നും 21 നുമിടയിൽ ഒരു ദിവസമായിരിക്കും സംഗമം. മുഖ്യമന്ത്രി  മുഖ്യ രക്ഷാധികാരിയായും, ജനപ്രതിധികളും ഉദ്യോഗസ്ഥരും അംഗങ്ങളായും വിപുലമായ സ്വാഗതസംഘം രൂപീകരിക്കുമെന്നും മന്ത്രി അറിയിച്ചു.

✪✪✪

BJP സംസ്ഥാന കോർകമ്മിറ്റി പുനഃസംഘടിപ്പിച്ചു. 21 അംഗ കോർകമ്മിറ്റിയിൽ ഏഴ് വൈസ് പ്രസിഡന്റുമാരെ ഉൾപ്പെടുത്തി. വൈസ് പ്രസിഡന്റുമാരായ KS രാധാകൃഷ്ണൻ, R.ശ്രീലേഖ എന്നിവർ കോർ കമ്മിറ്റിയിൽ ഇല്ല. പാർട്ടി കേരള പ്രഭാരി പ്രകാശ് ജാവ്ദേക്കറും, സഹപ്രഭാരി അപരാജിത സാരംഗിയും കോർ കമ്മിറ്റിയിലെ പ്രത്യേക ക്ഷണിതാക്കളാണ്.

✪✪✪

കോട്ടയം മെഡിക്കൽ കോളേജിലെ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കണമെന്ന്  മന്ത്രിമാരായ  വീണാ ജോർജും, V.N വാസവനും  നിർദേശം നൽകി. ഇന്നലെ  അവലോകന യോഗത്തിലാണ് നിർദ്ദേശം.

ഓപ്പറേഷൻ തീയറ്റർ അടുത്തമാസം പകുതിയോടെ സജ്ജമാകുമെന്ന് അധികൃതർ അറിയിച്ചു. ഓട്ടോമേഷനോടെ പുതിയ ലാബ് സജ്ജമാക്കാനും യോഗത്തിൽ തീരുമാനിച്ചു.

✪✪✪

പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ തിരുവനന്തപുരം മുതൽ എറണാകുളം വരെ ഏഴ് ജില്ലകളിലെ ഫയൽ അദാലത്തിൽ 22,413 ഫയലുകൾ തീർപ്പാക്കി. മന്ത്രി V ശിവൻകുട്ടിയുടെ നേതൃത്വത്തിലായിരുന്നു അദാലത്ത്. ശേഷിക്കുന്ന ഫയലുകൾ അടിയന്തരമായി തീർപ്പാക്കാൻ മന്ത്രി നിർദ്ദേശിച്ചു.

✪✪✪

കുടുംബശ്രീ ജനഗൽസ തദ്ദേശീയ കലാരൂപ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം അന്താരാഷ്ട്ര തദ്ദേശീയ ദിനമായ ഇന്ന് കാസർകോട്ട്. മന്ത്രി MB രാജേഷ് ഓൺലൈനായി പരിപാടി ഉദ്ഘാടനം ചെയ്യും.

ജില്ലാപ്രതിനിധി P ജഗന്നിവാസൻ.

....(വോയ്സ്).......

✪✪✪

കോഴിക്കോട്ട് ദേശീയ മാസ്റ്റേഴ്സ് പവർ ലിഫ്റ്റിംഗ് ചാമ്പ്യൻഷിപ്പിൽ 'ക്ലാസിക് വിഭാഗത്തിലും, എക്യുപ്ഡ് വിഭാഗത്തിലും മഹാരാഷ്ട്ര ജേതാക്കളായി. കേരളത്തിനാണ് രണ്ടാം സ്ഥാനം. എക്യുപ്ഡ് പുരുഷ വിഭാഗത്തിൽ കേരളത്തിന്റെ, I സെബാസ്റ്റ്യൻ, മേരി ബീന എന്നിവരെ ബെസ്റ്റ് ലിഫ്റ്റർമാരായി തെരഞ്ഞെടുത്തു. ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡണ്ട് O.രാജഗോപാൽ വിജയികൾക്ക് ട്രോഫികൾ സമ്മാനിച്ചു.

✪✪✪

നാലാമത് സംസ്ഥാന ജാവലിൻ ത്രോ മത്സരത്തിൽ 46 പോയിന്റോടെ മലപ്പുറം ജില്ല ചാമ്പ്യൻമാരായി. നീരജ് ചോപ്ര ഒളിംപിക് മെഡൽ നേടിയതിന്റെ സ്മരണാർത്ഥം കേരള സംസ്ഥാന അത്‌ലറ്റിക് അസോസിയേഷനാണ് കാലിക്കറ്റ് യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ മത്സരം സംഘടിപ്പിച്ചത്.

16 പോയിന്റുമായി കോട്ടയം ജില്ല രണ്ടാം സ്ഥാനവും ആറ് പോയന്റ് വീതം നേടി പാലക്കാട് ഇടുക്കി ജില്ലകൾ മൂന്നാം സ്ഥാനം പങ്കിട്ടു.

✪✪✪

സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ കോഴിക്കോട് മേഖലാ രാജ്യാന്തര ചലച്ചിത്രമേളയ്ക്ക് ഇന്ന് തിരിതെളിയും. വൈകിട്ട് അഞ്ചിന് കൈരളി തിയേറ്ററിൽ സംവിധായകനും KR നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് ആന്റ് ആർട്സ് ചെയർപേഴ്സണുമായ സയ്യിദ് മിർസ ഉദ്ഘാടനം ചെയ്യും. മുഹമ്മദ് റസൂലോഫ് സംവിധാനം ചെയ്ത 'ദ സീഡ് ഓഫ് ദ സേക്രഡ് ഫിഗ് ' ആണ് ഉദ്ഘാടന ചിത്രം.

ഷാങ്ഹായ് ചലച്ചിത്രമേളയിൽ മികച്ച നടി പുരസ്കാരം നേടിയ മീനാക്ഷി ജയൻ, സിതാരേ സമീൻ പർ എന്ന ഹിന്ദി ചിത്രത്തിൽ ഗുഡ്ഡു എന്ന കഥാപാത്രത്തെ അവതരിപ്പിച്ച ഗോപികൃഷ്ണൻ വർമ്മ, സംസ്ഥാന ചലച്ചിത്ര അവാർഡ് ജേതാവായ നടൻ സുധീഷ് എന്നിവർ അതിഥികളായി പങ്കെടുക്കും.

✪✪✪

ഇടുക്കി മൂന്നാർ ചൊക്രമുടിയിൽ വിന്റർ ഗാർഡൻ റിസോർട്ട് ഭൂമിയുടെ പട്ടയം റവന്യൂ വകുപ്പ് റദ്ദ് ചെയ്തു. പട്ടയത്തിലെ സർവ്വേ നമ്പറും LA നമ്പറും വ്യാജമാണെന്ന് കണ്ടെത്തിയതിനെ തുടർന്നാണ് നടപടി.

ഇതോടെ ചൊക്രമുടിയിൽ റദ്ദ് ചെയ്ത പട്ടയങ്ങളുടെ എണ്ണം അഞ്ചായി.

✪✪✪

ലഹരി ബോധവൽക്കരണത്തിന്റെ ഭാഗമായി ആകാശവാണി കണ്ണൂർ നിലയവും എക്സൈസ് വകുപ്പും കോളേജ് വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച മത്സരങ്ങളിലെ വിജയികളെ ഇന്ന് പ്രഖ്യാപിക്കും. രാവിലെ കണ്ണൂർ SN കോളേജിൽ എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർ P.K സതീഷ് കുമാർ സമ്മാനങ്ങൾ വിതരണം ചെയ്യും.

✪✪✪

കാസർകോട് തീരമേഖലയിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സുരക്ഷിതമേഖലയിലേക്ക് മാറ്റിപ്പാർപ്പിക്കുന്ന പുനർഗേഹം പദ്ധതിയിൽ 14 കോടിയിൽപ്പരം രൂപ അനുവദിച്ചു. ഓരോ ഗുണഭോക്താവിനും വസ്തു വാങ്ങി വീടു വെയ്ക്കുന്നതിന് പത്ത് ലക്ഷം രൂപയാണ് നൽകുന്നത്.

✪✪✪

2026 ലെ ഹജ്ജിന് അപേക്ഷിക്കേണ്ട അവസാന തിയതി ഇന്നലെ അവസാനിച്ചു. 25,000 ത്തിലേറെ അപേക്ഷകൾ ലഭിച്ചതായി മലപ്പുറം ജില്ലാകളക്ടർ അറിയിച്ചു. 20 ദിവസം കൊണ്ട് ഹജ്ജ് തീർത്ഥാടനം പൂർത്തിയാക്കാൻ കഴിയുന്ന ഹ്രസ്വകാല ഹജ്ജിന് ഇത്തവണ

തുടക്കമാകുമെന്നും കലക്ടർ അറിയിച്ചു. ഇവരെയും നറുക്കെടുപ്പിലൂടെയായിരിക്കും തിരഞ്ഞെടുക്കുന്നത്. ഓഗസ്റ്റ് 12 നായിരിക്കും നറുക്കെടുപ്പ്.

✪✪✪

കോഴിക്കോട് ജില്ലയിൽ റവന്യൂ വകുപ്പിലെ ക്ലർക്ക്, ടൈപ്പിസ്റ്റ് തസ്തികയിൽ നിയമനം ലഭിച്ചവർക്ക് മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി തസ്തികമാറ്റം നൽകിയെന്ന ആരോപണം അടിയന്തിരമായി അന്വേഷിച്ച് റിപ്പോർട്ട് നൽകാൻ റവന്യൂ സെക്രട്ടറിക്ക് മന്ത്രി K രാജൻ നിർദ്ദേശം നൽകി. ഒരാഴ്ചക്കകം അന്വേഷണ റിപ്പോർട്ട് സമർപ്പിക്കാൻ മന്ത്രി ആവശ്യപ്പെട്ടു.

✪✪✪

---

*News Editor & News Reader: അനിൽ ചന്ദ്രൻ*
*NRTs: അബ്ദുൽ കബീർ, നിമിഷ*
*DEO : ഷീബ*